"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ. പി.ഒ
തിരുവനന്തപുരം - 695003

Phone : 0471-2324030
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. ഡിബി4/8834/CMLRRP/2021/സി.ഇ/ത.സ്വ.ഭ.വ

തീയതി: 12.01.2023

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ (L.I.D & E.W) – CMLRRP – പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികൾ - സംബന്ധിച്ച്.

സൂചന:- CMLRRP പ്രവൃത്തികളെ സംബന്ധിച്ച് 11.01.2023 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിലെ നിർദ്ദേശം.

2020 മാർച്ച് മാസം ആരംഭിച്ച CMLRRP പദ്ധതിയിൽ നിലവിൽ ആകെ 5062 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും, 4268 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന സൂചന അവലോകന യോഗത്തിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ 2023 മാർച്ച് 31 നകം പൂർത്തീകരിച്ച് ബിൽ തുക ഉൾപ്പെടെ അനുവദിക്കേണ്ടതാണെന്നും, ടി പദ്ധതി അനന്തമായി നീട്ടിക്കൊണ്ട് പോകാൻ കഴിയില്ലെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ 2023 മാർച്ച് 31 നകം അടിയന്തരമായി പൂർത്തീകരിച്ച് ബിൽ തുക അനുവദിക്കേണ്ടതാണ്. മാർച്ച് 31 ന് ശേഷം CMLRRP പദ്ധതിയിൽ തുക അനുവദിക്കുന്നതല്ല എന്ന കർശന നിർദ്ദേശം കൂടി മുഖ്യമന്ത്രി സൂചന യോഗത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ വിവരങ്ങൾ MIS ൽ കൃത്യമായി update ചെയ്യേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

SR/-